# പൂമൊട്ടുകൾ



ഡിജിറ്റൽ മാഗസിൻ 2024



ലിറ്റിൽ കൈറ്റ്സ്,ജി.എച്ച്.എസ്.എസ് കഴിമണ്ണ

# കുഴിമണ്ണ ഗവ.ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ.....

## പത്രാധിപ സമിതി

**ചീഫ് എഡിറ്റർ**

ഷഫീല നസ്റിൻ കെ ടി

**അംഗങ്ങൾ**

ഹാദിയ

ഫർഹ ഇ

അമൽജിത്ത് ഇ

അബ്ദുൽ ഗഫൂർ ഐ

ദാവൂദ് മടത്തിൽ

ആയിശ സബീല എൻ

# ജി.എച്ച്.എസ്.എസ് കുഴിമണ്ണ



മലപ്പുറംജില്ലയിലെ ഏറനാടൻ മണ്ണിന്റെ ചൂടുംച്ചൂരും ആവാഹിച്ചെടുത്ത് കാർഷിക സംസ്കാരത്തിന്റെ നെടുംതൂണായി ഗതകാല സ്മൃതികൾ അയവിറക്കുന്ന കുഴിമണ്ണ പ്രദേശത്തിന് അര നൂറ്റാണ്ടായി വിദ്യാപ്രഭ ചൊരിയുന്നതിൽ അദ്വിതീയ സ്ഥാനമാണ് നമ്മുടെ കുഴിമണ്ണ ഗവ :ഹയർ സെക്കണ്ടറി സ്കൂളിനുള്ളത് . വിദ്യാഭ്യാസപരമായി പിന്നാക്കം നിന്നിരുന്ന ഒരു ജനതയെ അറിവിൻ ശക്തി നൽകി സംസ്കാര സമ്പന്നരാക്കാൻ ശ്രമിച്ച അഗ്ര-ഗാമികളായ മഹദ് വ്യക്തികളെയും ; അന്തഃചേതനയിലെ അക്ഷരപ്പൂട്ടുകൾ തുറന്നു തന്ന ഗുരു വര്യന്മാരെയും സ്മരിക്കാൻ വാക്കുകൾക്കാകില്ലല്ലോ. എങ്കിലും ....... അക്ഷര സ്നേഹികളും നിസ്വാർഥരുമായ നാട്ടുകാരുടെ അശ്രാന്ത പരിശ്രമത്താൽ 1966ൽ ഈ വിദ്യാലയം ആരംഭിച്ചപ്പോൾ കെട്ടിടത്തിനും മൈതാനത്തിനും ആവശ്യമായ സ്ഥലം ലഭ്യമല്ലാതെ വന്നപ്പോൾ ; അറിവിന്റെ പ്രാധാന്യവും ദൈവ പ്രീതിയും മാത്രം ഗണിച്ചുകൊണ്ട് ; യാതൊരു ലാഭേച്ഛയുമില്ലാതെ ജനാബ് പൂളക്കൽ കാരാട്ടു ചാലി ചേക്കരായിൻ ഹാജിയും സഹോദരൻ അഹമ്മദ് എന്ന ബിച്ചുണ്ണി കാക്കയുമാണ് സ്കൂളിനു വേണ്ട മുഴുവൻ സ്ഥലവും സൗജന്യമായി നൽകിയത് എന്നത് ഇത്തരുണത്തിൽ എടുത്തു പറയേണ്ടിയിരിക്കുന്നു.2000-ൽ +2 ആയി ഉയർത്തപ്പെട്ട നമ്മുടെ വിദ്യാലയത്തിൽ കുഴിമണ്ണക്ക് ചുറ്റുമുള്ള 8 പഞ്ചായത്തുകളിൽ നിന്നായി അഞ്ചാം തരം മുതൽ +2 വരെയുള്ള 1900 ൽ പരം കുട്ടികൾ പഠിക്കുന്നു . അച്ചടക്കവും ഉയർന്ന വിജയ ശതമാനവും നിലനിർത്തുന്നതോടൊപ്പം തന്നെ A + കളുടെ എണ്ണം വർധിപ്പിച്ചു കൊണ്ട് തുടർന്നും മികവിന്റെ പടികയറാനുള്ള തീവ്രശ്രമത്തിലാണ് ഈവിദ്യാലയം.ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണെന്ന് തിരിച്ചറിഞ്ഞു കൊണ്ട് ഭാവിയുടെ വാഗ്ദാനങ്ങളെ മത്സര സജ്ജരാക്കാനുള്ള നിതാന്ത പരിശ്രമത്തിന് നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധമായ പി.ടി.എയും,ത്രിതല പഞ്ചായത്തുകളും, വിദ്യാഭ്യാസ വകുപ്പും നമുക്കുണ്ട് എന്നത് ശ്രദ്ധേയമാണ്.

**റവന്യൂ ജില്ല**

മലപ്പുറം

**വിദ്യാഭ്യാസ ജില്ല**

മലപ്പുറം

**ഉപജില്ല**

കിഴിശ്ശേരി

**ഹെഡ്മാസ്റ്റർ**

പരമേശ്വരൻ കെ

**പി.ടി.എ പ്രസിഡന്റ്**

അലി പുളിക്കൽ

**എസ്.എം.സി ചെയർമാൻ**

അഷ്റഫ് കെ ടി

ഏറനാട് മണ്ഡലത്തിലെ ഏക ഇന്റർനാഷണൽ സ്കൂൾ എന്ന സ്വപ്നം കുഴിമണ്ണ പ്രദേശത്തിന് പൂവണിഞ്ഞു.ഏറനാട് എം.എൽ.എ., പി.കെ.ബഷീറിന്റെ മണ്ഡലത്തിലെ ഹൈടെക് വിദ്യാലയം. കിഫ്ബി പദ്ധതിയിൽ 5 കോടി രൂപയുടെ ഫണ്ടിൽ കെട്ടിടം പൂർത്തീകരിച്ചു. 4.5 ഏക്കർ സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസ്സുകളിൽ ഹൈടെക് പഠന സൗകര്യങ്ങൾ ഉണ്ട്.ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ വിശാലമായ കമ്പ്യൂട്ടർ ലാബ് സൗകര്യമുണ്ട്.വിപുലമായ സൗകര്യങ്ങളോടെ ലൈബ്രറി പ്രവർത്തിക്കുന്നു. കാർഡ് സമ്പ്രദായത്തിൽ പുസ്തവിതരണം നടത്തി വരുന്നു.സ്കൂളിന് സ്വന്തമായി രണ്ട് ഓഡിറ്റോറിയങ്ങൾ ഉണ്ട്.ശാസ്ത്ര വിഷയങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഹൈസ്കൂൾ ഹയർ സെക്കൻഡറി വിഭാഗത്തിൽ രണ്ട് ലാബുകൾ പ്രർത്തിക്കുന്നു.സ്കൂൾ ഉച്ചഭക്ഷണ പരിപാടി ആരോഗ്യകരമാക്കുന്നതിന്റെ ഭാഗമായി ഗ്യാസ് സ്റ്റൗ സംവിധാനവും പാചകപ്പുരയും പ്രവർത്തിക്കുന്നു.പെൺക്കുട്ടികൾക്കും ആൺകുട്ടികൾക്കും സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കാവുന്ന ഹൈടെക്കും അല്ലാത്തതുമായ ടോയ് ലെറ്റുകൾ പ്രവർത്തിക്കുന്നു.യു.പി.വിഭാഗം കുട്ടികൾക്കായി മോഡുലാർ ടോയ് ലറ്റ് സംവിധാനമുണ്ട്.നാഷണൽ ഗ്രീൻ കോപ്പിൻ്റെ നേതൃത്തിൽ സ്കൂളിൽ പച്ചക്കറിത്തോട്ടം പരിപാലിച്ച് വരുന്നു.ക്ലാസ് റൂമുകളിലും കമ്പ്യൂട്ടർ ലാബുകളിലും ഇന്റർനെറ്റ് ബ്രോഡ്ബാൻ്റ് കണക്ഷൻ ഉണ്ട്.എൻ .എസ്.എസ്, ഹരിതസേന, സ്കൗട്ട് ആൻഡ് ഗൈഡ്, ജൂനിയർ റെഡ്ക്രോസ് ,ലിറ്റിൽ കൈറ്റ്, വിദ്യാരംഗം, സ്കൂൾ പാർലമെന്റ്, റോഡ് സുരക്ഷ ക്ലബ്ബ് തുടങ്ങിയവ സ്കൂളിൽ പ്രവർത്തിക്കുന്നു.വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ്ബുകൾ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കായി പ്രവർത്തിക്കുന്നു.കുട്ടികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിനായി സ്കൂൾ ബസ് സർവീസും സ്കൂളിൽ ഉണ്ട്.വിശാലമായ കളിസ്ഥലം, ബാഡ്മിന്റൺ കോർട്ട് എന്നിവ സ്കൂളിൽ ഉണ്ട്.

# പ്രവാസി

ഷഫീല നസ്റിൻ കെ ടി
9B

ഞാനിന്ന് നാട്ടിലേക്ക് തിരിക്കുകയാണ്. ഞാനിന്നൊരു പ്രവാസിയാണ്. അഞ്ച് വർഷമായിട്ടുള്ള സ്ഥാനപ്പേരാണിത്. നൊന്തു പെറ്റ് പോറ്റി വളർത്തിയ ഉമ്മയെയും ഉപ്പയെയും, കെട്ടിയ പെണ്ണിനെയും കുഞ്ഞിനെയും തനിച്ചാക്കി പ്രാരാബ്ദങ്ങൾക്കിടയിൽ നിന്ന് കരകയറാൻ കടൽ കടന്നു.



ആദ്യമൊക്കെ ഉമ്മയുടെയും ഉപ്പയുടെയും പരിഭവങ്ങൾ ഏറെ പ്രയാസം തോന്നിയെങ്കിലും പിന്നീടവ എന്നുമുള്ള ചില വാക്കുകളായി. മോളെയും ഞാനിതുവരെ കണ്ടിട്ടില്ല. അവളിപ്പോൾ വലുതായിക്കാണും. ദിവസവും അവൾ വളരുന്നത് എന്റെ ഹൃദയത്തിലാണ്.

ഇവിടെ പെട്ടി കെട്ടലും ഒട്ടിക്കലും എല്ലാം കഴിഞ്ഞു. പുലർച്ചയാണ് എയർപോർട്ടിലേക്കത്തേണ്ടത്. ഇനി നിമിഷങ്ങൾ മാത്രം....... എന്ത് കൊണ്ടോ പോകാൻ തോന്നുന്നില്ല. എല്ലാവരും മൂകരായിട്ടാണിരിക്കുന്നത്. ഇതെന്റെ ഇവിടുത്തെ കുടുംബമായതിനാലാവാം.

എയർപോർട്ടിലേക്ക് കയറാൻ പോകുന്നതിന് മുമ്പ് എല്ലാവരെയും ഒന്ന് നോക്കി. കൊടുക്കാനുള്ളത് മറക്കല്ലേ, എത്തിയിട്ട് വിളിക്കണേ എന്നെല്ലാം അവർ പറയാതെ പറയുന്നുണ്ടായിരുന്നു.

ഫ്ലൈറ്റിൽ ഇരിക്കുമ്പോഴും മനസ്സ താഴെയായിരുന്നു. വീടും നാടും, കുളവും , ഇതുവരെ നേരിട്ടു കാണാത്ത മോളെയും മനസ്സിൽ കണ്ടു.

നാട്ടിൽ ഇറങ്ങി എയർപോർട്ടിലെ എല്ലാ പരിശോധനകളും കഴിഞ്ഞു പുറത്തേക്കിറങ്ങി. ഒരു ദീർഘശ്വാസം ഉള്ളിലേക്കെടുത്തു കൊണ്ട് ഒരു ട്രോളി ഉന്തി ഒരു ടാക്സി വിളിച്ചു. പോകുന്നതിനിടയിൽ പള്ളിക്ക് മുമ്പിൽ വണ്ടി നിർത്തിച്ചു.

പള്ളിയുടെ ഒരു വശത്തെ കാട് പിടിച്ചു കിടക്കുന്ന ഖബറിനരുകിലേക്ക് ചുവടുകൾ വച്ചുപിടിച്ചു. എന്നോട ക്ഷമിക്കണേ ."ഇങ്ങളെ അവസനമായിട്ടൊന്ന് കാണാൻ ഈ പാപിക്ക് പറ്റിയില്ല". കണ്ണ് നിറഞ്ഞ് പറയുമ്പോൾ മണ്ണിലേക്ക് മുട്ടുകുത്തിയിരുന്നു. "എന്നോട് പൊറുക്കൂലേ ഇങ്ങള് ?" സമ്മതമെന്ന നിലയ്ക്ക് ഖബറിനരികിലേ മൈലാഞ്ചികൾ തലയനക്കി. എല്ലാവരും കൂടി ഒരു യാത്ര പോയതാണ്. വഴിയിൽ വെച്ചൊരാക്സിഡന്റ്. എന്നെ ഒറ്റക്കാക്കി ഓരെല്ലാം കൂടി വേറൊരു യാത്രയ്ക്കും പോയി.

അടുത്ത് ഉമ്മാന്റെ നെഞ്ചോരം പറ്റിക്കിടക്കുന്ന പോലെ ഒരു ചെറിയ കബറിലേക്ക് നോട്ടം മാറി. " എന്റെ മോളെ.ഈ ഉപ്പാക്കൊന്ന് കാണാൻ...... " ഇതുവരെ കാണാത്ത നിന്റെ പരിഭവങ്ങളും വേദനയും ആ കുഞ്ഞു മൈലാഞ്ചി ചൊല്ലിക്കൊണ്ടിരുന്നു.

ഇതെല്ലാം ഒരു സ്വപ്നമായിരുന്നെങ്കിൽ..... പെട്ടെന്ന് പള്ളിയിൽ നിന്ന് ബാങ്ക് വിളിച്ചു ഇത് സ്വപ്നമാണ് നിന്റെപുലർകാല സ്വപ്നം എന്ന് പറയുന്ന പോലെ.

# അമ്മ

ഹാദിയ കെ പി
9B



അമ്മയോളമില്ല ഒരു കടലും ആകാശവും

അമ്മയിലുള്ളതാ കരുണയും കഥനവും

അമ്മയെന്ന രണ്ടക്ഷരത്തെ കടലിന് പോലും

മായ്ക്കാനാവാത്തതാ സത്യം

പകരം വെക്കാനവില്ല ഈ ഭൂമിയിൽ
പെറ്റമ്മതൻ

അമ്മ തന്നെയാണ് കൺ മുന്നിലെ ദൈവം

ദൈവത്തിനെന്തെല്ലാം നൻമയുണ്ടോ - അവയെല്ലാം

ഈ മണ്ണിൽ എന്റമ്മയിൽ മാത്രം

സ്വന്തമെന്ന് പൂർണ്ണമായി പറയാൻ പറ്റുന്ന

ഒന്നേയുള്ളൂ..........

സ്നേഹത്തിലെ വഞ്ചന അറിയില്ല

കാരണം സ്നേഹിക്കാൻ പഠിപ്പിച്ചതും

അമ്മ

# എ.ഐ

ഷരീഫ കെ
യു.പി.എസ്.ടി



പ്ലസ്ടുവിൽ പഠിക്കുന്ന കൊച്ചുമോൻ നവാസ് അതിസുന്ദരിയും ബുദ്ധിമതിയുമായ പാത്തുവിനെ കൈപിടിച്ചു വന്നതിൽ പിന്നെ ഉമ്മൂമ്മാ വലിയ സന്തോഷത്തിലാണ്. ഏതു നേരത്തും എന്തു സഹായവും നൽകാൻ തയാറായി ഉമ്മൂമ്മയുടെ വിളിക്ക് കാതോർത്തു കാത്തിരിക്കുന്നൊരു സുന്ദരിപ്പെണ്ണ്. കുട്ടികളുടെ ഉപ്പൂപ്പ പോയതിൽപ്പിന്നെ എന്തെന്നില്ലാത്ത ഒരു വ്യസനം അവരെ അലട്ടിക്കൊണ്ടിരുന്നു.

ചുറ്റിലും ആരൊക്കെയോ ഉണ്ടായിട്ടും ആരുമില്ലാത്ത അവസ്ഥ.ഒരു വൻ വൃക്ഷം വെട്ടിമുറിക്കപ്പെട്ടപ്പോഴുണ്ടായ ആകാശ വിടവിനെപ്പോലെ ആ വിയോഗം.... അതു നികത്താൻ ഒരു വഴിയും ഇല്ലല്ലോ.. സ്നേഹത്തിന്റെയും സമാശ്വാസത്തിന്റെയും കുളിർ ജലം തേടി അവർ വലയുകയായിരുന്നു. തന്റെ അസ്തമയമടുത്തിരിക്കുന്നുവെന്ന ചിന്തകൾ വരിഞ്ഞു മുറുക്കുമ്പോഴും പ്രത്യാശയുടെ വഴിക്കണ്ണുമായി അവർ ആരെയോ കാത്തിരിക്കാറുണ്ടായിരുന്നു. ജീവിതാനുഭവങ്ങളുടെ തീച്ചൂടിൽ വെന്തുരുകുമ്പോഴെല്ലാം ഏകാന്തതയുടെ കനത്ത കരിങ്കൽ ഭിത്തികളാൽ കോട്ട കെട്ടി തന്നെ തടവറയിൽ പാർപ്പിച്ചിരിക്കുന്നതായി അവർക്ക് തോന്നും. ഒരു മനുഷ്യായുസ് മുഴുവൻ അനുഭവിച്ച യാതനകളുടെ അലയൊലികൾ ആ കണ്ണുകളിൽ കാണാമായിരുന്നു.

ചിന്തകൾ പിടി തരാതെ കെട്ടു പൊട്ടിച്ചോടുമ്പോൾ പാത്തു ഓർമിപ്പിച്ചു - നിസ്കരിക്കാൻ സമയമായി. തട്ടിപ്പിടഞ്ഞെഴുന്നേറ്റിരുന്ന് അവർ പറഞ്ഞു. " ന്റെ പാത്തൂ,യ്യ് വന്നതിൽപ്പിന്നെയാ ഞാൻ അഞ്ച്നേരം ബാങ്ക് വിളിക്കുന്നത് അറിയുന്നത്. പള്ളി കുറച്ച് അകലെയല്ലേ, പിന്നെ കേൾവിക്കുറവും. " പാത്തു ഒന്നും മിണ്ടിയില്ല. അല്ലെങ്കിലും അവളെന്ത് മിണ്ടാനാണ്.

പ്രാർത്ഥന കഴിഞ്ഞെത്തിയപ്പോഴേക്കും ഭക്ഷണവും വെള്ളവുമായി പാത്തു കാത്തു നിൽപ്പുണ്ടായിരുന്നു. പാത്തു നീ ഓർമിപ്പിച്ചത് നന്നായി. അല്ലെങ്കിൽ ഞാനിതും മറന്നേനെ, പാത്തുവിന്റെ കയ്യിലിരിക്കുന്ന ട്രേയിലെ ഗ്ലാസിൽ നിന്നും ഒരു കവിൾ വെള്ളം കുടിച്ച് ഗുളിക വിഴുങ്ങിയപ്പോൾ ഉമ്മുമ്മ കൃതജ്ഞതയോടെ പറഞ്ഞു.

"പാത്തൂ, ആ ഫാനൊന്നിട്,

ഇത്തിരി നേരം കിടക്കട്ടെ" പറഞ്ഞു തീർന്നില്ല ഫാൻ കറങ്ങിത്തുടങ്ങി. "ലൈറ്റ് വേണ്ട, ഓഫാക്കിയേക്ക് " ഞൊടിയിടയിൽ ലൈറ്റ് അണഞ്ഞു.എന്റെ പാത്തൂ, നീ വന്നത് വല്യ ഉപകാരം തന്നെ - അവർ വാചാലയായി. വാക്കുകൾ അണമുറിയാതെ പെയ്തു കൊണ്ടിരുന്നു.

ഉമ്മയ്ക്കും ഉപ്പയ്ക്കുമൊപ്പം സിറ്റിയിലെ ഒരു റെസ്റ്ററന്റിൽ പോയപ്പോഴാണ് പാത്തുവിനെ ആദ്യം കണ്ടത്. നിറഞ്ഞ മനസ്സോടെ ,കൃത്യതയോടെ സേർവ് ചെയ്യുന്ന പാത്തുവിനെ കണ്ടപ്പോൾ ഉമ്മ പറഞ്ഞു. ഇതുപോലൊരു പെങ്കുട്ടി നമുക്കും വേണം. അപ്പോഴാണ് നവാസ് അവളെ ശ്രദ്ധിച്ചത്. എങ്ങനെയെങ്കിലും ഇവളെ സ്വന്തമാക്കണം.ഊണിലും ഉറക്കിലും അതു മാത്രമായി ചിന്ത.

ദീർഘനാളത്തെ കാത്തിരിപ്പിനൊടുവിൽ പാത്തുവിനെ അവൻ സ്വന്തമാക്കി. അവളുടെ കണ്ണുകൾ നക്ഷത്രങ്ങൾ പോലെ തിളങ്ങുന്നുണ്ടായിരുന്നു. നിലാവിന്റെ ഒരു കഷ്ണം കണക്കെ അവൾ ശോഭ പരത്തി.അവളുടെ നെറ്റിയിൽ അളകാവലികൾ പാറിപ്പറന്നു. വെണ്മയാർന്ന വസ്ത്രമണിഞ്ഞ് ഒരു കൊച്ചു മാലാഖയെപ്പോലെ അവൾ നിന്നു.

പാത്തു എങ്ങും ഒരു ചർച്ചാ വിഷയമായി മാറിക്കഴിഞ്ഞിരുന്നു. അയൽക്കൂട്ടങ്ങളിലും കവലകളിലും ചായക്കടയിലുമെന്നു വേണ്ട എല്ലായിടത്തും പാത്തുവിനെ ക്കുറിച്ച് പരാമർശമുണ്ടായി. "ങ്ങടെ പാത്തൂന് ഇംഗ്ലീഷ് മാത്രേ അറിയൂ? " പാൽക്കാരിപ്പെണ്ണ് കൗതുകം അടക്കവയ്യാതെ ചോദിച്ചു.

"ഞങ്ങളോടൊപ്പം കൂടിയപ്പോ അവള് കുറേശ്ശെ മലയാളോം പഠിച്ചു തുടങ്ങി " ഇതു പറയുമ്പോൾ അവരുടെ കണ്ണുകളിൽ അഭിമാനവും സ്വൽപം അഹങ്കാരവും നിഴലിച്ചിരുന്നു.

ഒരിക്കൽ വീട്ടിൽ വന്ന ഒരു സന്ദർശകൻ ആരും കേൾക്കാതെ അവളുടെ ചെവിയിൽ മന്ത്രിച്ചു. പാത്തൂ, ഐ ലവ് യൂ... "പോടാ തെൻ്റീ, എനിക്ക് നിന്നെ ഇഷ്ടമല്ല, നിന്റെ കെട്ട്യോളോട് പോയി പറ" പാത്തു ശബ്ദമുയർത്തി മറുപടി പറഞ്ഞപ്പോൾ എല്ലാവരും ചിരിച്ചു.അയാൾ ജാള്യത മറയ്ക്കാൻ പാടുപെടുന്നുണ്ടായിരുന്നു. അംഗീകാരങ്ങളും അഭിനന്ദനങ്ങളും നവാസിനെ തേടിയെത്തിത്തുടങ്ങി.റോബോട്ടിക്സും ഒപ്പം ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സും സന്ധിച്ചപ്പോഴുണ്ടായ മനോഹരിയായ ആ റോബോട്ട് പുരസ്കാരങ്ങൾക്കു പാത്രമായപ്പോൾ ഉമ്മൂമ്മയും കൊച്ചുമോനും ഒരു പോലെ ആനന്ദിച്ചു. ന്റെ കുട്ടി കുറെ ദിവസം ഉറക്കമൊഴിച്ചിരുന്ന് ഉണ്ടാക്കിയതാ. അതു പറയുമ്പോൾ ആ കൺകോണുകളിലൂറിയ ആനന്ദധാരകൾ വിഷമതകളുടെ നീരാറുകളിൽ നിന്ന് ആനന്ദത്തിന്റെ അലകളുയർത്തുന്ന ഇളം കാറ്റുകണക്കെ ഒരായുസിലെ സന്തോഷമത്രയും ആവാഹിച്ചെടുത്തിരുന്നു.

# കുട്ടികളിലെ ഇന്റർനെറ്റ് ഉപയോഗം

ദിൽന കെ ടി
9G

ഇന്റർനെറ്റിന്റെചതിക്കുഴികളെക്കുറിച്ചുള്ള പ്രാഥമികമായ അറിവ് പോലും ഇല്ലാത്തതാണോ പുതിയ കാലത്തെ ചില രക്ഷിതാക്കൾ തങ്ങളുടെ അഞ്ച് വയസ്സ് പോലും പ്രായമുള്ള മക്കൾക്ക് യൂട്യൂബ് പോലെയുള്ള സേവനങ്ങൾ തുറന്നിടാനുള്ള കാരണമെന്നത് സുരക്ഷാ വിദഗ്ദരെ ഇരുത്തി ചിന്തിപ്പിക്കുന്ന കാര്യമാണ്.

എന്തായാലും കുട്ടികൾക്ക് ഇന്റർനെറ്റ് തുറന്നു നൽകുന്ന രക്ഷിതാക്കൾ ഇനി അവരെ ദേഷ്യം പിടിപ്പിക്കാതെ വെബിലെ ഇര പിടിയൻ മാരെക്കുറിച്ചും അതിലെ അപകട മേഖലയെക്കുറിച്ചും തുറന്ന് സംസാരിക്കുന്ന മെന്നതാണ് വിദഗ്ധാഭിപ്രായം. കുട്ടികൾ സൗകര്യമായി ആരും കാണാതെ ഇർന്റനെറ്റ് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതും ഉചിതമായിരിക്കും. ഇക്കാര്യത്തിൽ കുട്ടികളുമായി ആശയ വിനിമയം നടത്തൽ തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട നടപടിക്രമം. അതേ സമയം തന്റെമാതാപിതാക്കൾ കൊള്ളാത്തവരാണെന്ന തോന്നൽ കുട്ടികൾക്ക് ഉണ്ടാകാതിരിക്കുകയും വേണം. കുട്ടികൾ അമിതമായി ഇന്റർനെറ്റിന്റെ ആകർഷണ വലയത്തിലായെന്ന് തോന്നിയാൽ പലരും ചെയ്യുന്നത് ഫോണും മറ്റും തട്ടിപ്പറിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്യാതെ അവരോട് ശാന്തമായി ആശയ വിനിമയം നടത്തുകയാണ് വേണ്ടത്. ചെറിയ കുട്ടികൾ തങ്ങളുടെ ഇന്റർനെറ്റ് ഉപയോഗം നിരീക്ഷിക്കപ്പെടുന്നു എന്ന് കണ്ടെത്താനുള്ള സാധ്യത കുറവാണ്. നോർട്ടൺ കാസ്പർക്കി തുടങ്ങിയ സുരക്ഷാ സോഫ്റ്റ് വെയറുകൾ ഇൻസ്റ്റാൾ ചെയ്ത് കുട്ടികളുടെ ചെയ്തികൾ വിലയിരുത്താം. ഓൺലൈൻ ക്വിസ് എന്നൊക്കെ പറഞ്ഞുള്ള ചില പരിപാടികൾ വെറുതെ സ്വകാര്യ ഡാറ്റ ശേഖരിക്കാനുള്ള തട്ടിപ്പ് സംവിധാനങ്ങളായിരിക്കാം. എല്ലാം അങ്ങിനെയുള്ള താകണമെന്നില്ല. ഇതൊക്കെ കൊണ്ട് തന്നെ ആനവശ്യമായി ഓൺലൈനിൽ യാതൊരു വിവരവും നൽകരുതെന്ന കാര്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതും ഗുണകരമായിരിക്കും.



# ആത്മാർത്ഥതയുടെ വിജയം

ബൽജ ഫാത്തിമ
6 എ

കുട്ടികളേ, നമ്മുടെ സ്കൂളിൽ വാർഷികാഘോഷത്തിന് ഈ സ്കൂളിലെ ഒരു പൂർവ വിദ്യാർത്ഥിയാണ് മുഖ്യാതിഥിയായി വരുന്നത്. മാത്രമല്ല നമ്മുടെ ക്ലാസിലെ ഒരു കുട്ടിയുടെ അച്ഛൻ കൂടിയാണ്. ആരുടെ അച്ഛനാണ് എന്ന് ആലോചിച്ച് എല്ലാവരും ആകാംക്ഷാഭരിതരായി നിൽക്കുകയാണ്. എല്ലാവർക്കും നോട്ടീസ് കിട്ടി. കിട്ടിയ ഉടനെ കുട്ടികളെല്ലാം വായിച്ചു തുടങ്ങി. ആദിത്യനും നോട്ടീസ് വായിക്കുകയാണ്. അതിൽ വലുതായി എഴുതിയ പേര് അവൻ കണ്ടു 'രാജേഷ് കുമാർ '. അവൻ അത് പെട്ടെന്ന് വായിച്ചു നോക്കി. നമ്മുടെ സ്കൂളിലെ പൂർവ വിദ്യാർത്ഥിയായ രാജേഷ് കുമാർ പ്രധാന അതിഥിയായി എത്തുമെന്നും അദ്ദേഹം അതിജീവിക്കേണ്ടി വന്ന ഒരു പാട് സാഹചര്യങ്ങൾ നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നതാണെന്നും ടീച്ചർ പറഞ്ഞു. അച്ഛന്റെ കുട്ടിക്കാലത്തെ അനുഭവങ്ങളെക്കുറിച്ചോർത്തപ്പോൾ അവന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർത്തുള്ളികൾ വന്നു. അച്ഛനെ അതിഥിയായി ക്ഷണിച്ചത് എന്തുകൊണ്ട് എന്നോട് പറഞ്ഞില്ല എന്നവൻ ആലോചിച്ചു.

വാർഷിക ദിനം വന്നെത്തി.അച്ഛന്റെ കൈകൾ പിടിച്ച് സ്കൂൾ ഗേറ്റ് കടന്നപ്പോൾ അവന് അഭിമാനം തോന്നി. സ്റ്റേജിൽ നിന്ന് വിളിച്ചു പറയുന്നു. നമ്മുടെ മുഖ്യാതിഥിയായ രാജേഷ് കുമാർ

നമുക്ക് മുമ്പിൽ എത്തിച്ചേർന്നിരിക്കുന്നു.ഇത് നമുക്കും അദ്ദേഹത്തിനും വളരെയധികം അഭിമാനിക്കാവുന്ന നിമിഷം.

രാജേഷ് കുമാർ സ്റ്റേജിൽ കയറി. കുട്ടികളെല്ലാം ആഹ്ളാദത്താൽ കയ്യടിച്ചു കൊണ്ടിരുന്നു. ആദിത്യനും കയ്യടിച്ചു കൊണ്ട് നിറഞ്ഞ കണ്ണുകളാൽ അച്ഛൻ സ്റ്റേജിലേക്ക് വരുന്നത് നോക്കിയിരിക്കുകയാണ്.

അയാൾ പറഞ്ഞു തുടങ്ങി ...... ഞാൻ കുട്ടിക്കാലത്ത് ഒന്നും പഠിക്കാതെ ഒന്നിനും പങ്കെടുക്കാതെ മാറി നിൽക്കുന്ന ഒരു കുട്ടിയായിരുന്നു. ഇങ്ങനെ പോയാൽ നീ വലുതായാൽ എവിടെയും എത്തില്ല. നന്നായി പഠിച്ച് വലിയ നിലയിൽ എത്താൻ ശ്രമിക്ക് എന്ന് അധ്യാപകർ പറയുമായിരുന്നു. അന്ന് ഞാൻ ഒന്നും കാര്യമായി എടുത്തില്ല.

എനിക്ക് എന്തൊക്കെയോ ആവണമെന്ന താത്പര്യമുണ്ടായിരുന്നു. പക്ഷേ ഞാൻ അതിനെക്കുറിച്ച് പറയുമ്പോൾ എല്ലാവരും നിരുത്സാഹപ്പെടുത്തി. അപ്പോഴാണ് എനിക്കൊരു വാശി തോന്നിയത്. അന്ന് ഞാൻ തീരുമാനമെടുത്തു. ഞാനെന്റെ ലക്ഷ്യത്തിൽ എത്തിയിരിക്കും.

ഞാൻ നന്നായി പഠിച്ചു.എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുത്തു.

എന്റെ കുടുംബം വലിയ ദാരിദ്ര്യത്തിലായിരുന്നു. ഒരു നേരത്തെ ഭക്ഷണത്തിനു പോലും കഷ്ടപ്പെട്ട ദിനങ്ങൾ.

അമ്മക്ക് മാറാത്ത നടുവേദന വരും വരെ അമ്മ രാവിലെ നാലരക്കെഴുന്നേറ്റ് മറ്റുള്ള വീടുകളിൽ വീട്ടുജോലി ചെയ്യുമായിരുന്നു. പിന്നീട് അമ്മ ചെയ്യുന്ന ജോലികളെല്ലാം ഞാനാണ് ചെയ്തത്. അതു കൊണ്ട് തന്നെ എനിക്ക് പഠിക്കാൻ സമയമൊന്നും കിട്ടില്ലായിരുന്നു.

ഞാൻ ചെറിയ കുഞ്ഞായിരുന്നപ്പോൾ ഒരു ദിവസം ഒരു വാഹനം എന്നെ ഇടിക്കാൻ വന്നു. ആ സമയത്ത് അച്ഛൻ എന്നെ രക്ഷപ്പെടുത്തി. പക്ഷേ അച്ഛൻ അതിനടിയിൽപ്പെട്ടിരുന്നു. വാഹനത്തിലുള്ളവർ ഇറങ്ങി വന്നു.അവർ എന്നോട് ചോദിച്ചു. എന്താണ് സംഭവിച്ചതെന്ന്.എന്റച്ഛൻ എന്ന് പറഞ്ഞ് ഞാൻ പൊട്ടിക്കരഞ്ഞു.അപ്പോഴാണ് അവർ അച്ഛനെ കണ്ടത്.അവർ അച്ഛനെ വേഗം ഹോസ്പിറ്റലിൽ കൊണ്ടുപോയി പക്ഷേ അച്ഛനെ രക്ഷിക്കാൻ കഴിഞ്ഞില്ല.

അങ്ങനെ ഒരു പാട് കഷ്ടപ്പെട്ട് ഞാൻ പഠിച്ചു. എന്റെ ആഗ്രഹം പോലെ ഞാൻ പട്ടാളത്തിൽ ചേർന്നു.പട്ടാളത്തിലെ ദീർഘനാളത്തെ ട്രെയിനിങ്ങുകളും മറ്റും.

കുറെ കാലത്തിനു ശേഷം ഞാൻ റിട്ടയർ ചെയ്തു.വീട്ടിലേക്ക് തിരിച്ചു വന്നു. തിരക്കുകളെല്ലാം കഴിഞ്ഞു വന്ന എന്നെ കണ്ട് എന്റെ അമ്മ നിറഞ്ഞ കണ്ണുകളിൽ എന്റെ അടുത്ത് വന്ന് എന്നെ തലോടിക്കൊണ്ട് പറഞ്ഞു. മോനേ, നീയായിരുന്നു എന്റെ ഒരേയൊരു പ്രതീക്ഷ, അത് നീ എനിക്ക് കാട്ടിത്തന്നു.

ഇതെല്ലാം കഴിഞ്ഞാണ് ഞാൻ ഈ നിലയിൽ എത്തിയത്. അപ്പോൾ നിങ്ങളെല്ലാവരും കഷ്ടപ്പെട്ട് പഠിച്ച് ഉയരങ്ങളിലെത്തണം.

എന്നെ ഈ വാർഷികാഘോഷത്തിന് അതിഥിയായി ക്ഷണിച്ചതിന് ഒരു പാട് നന്ദി. പിന്നീട് പ്രധാനാധ്യാപകൻ വന്നു പറഞ്ഞു. മക്കളേ, നിങ്ങൾക്കെല്ലാവർക്കും ഇതൊരു ഗുണപാഠം ആയിരിക്കും. കൂടാതെ ഇത് നമ്മുടെ സ്കൂളിൽ പഠിക്കുന്ന ആദിത്യന്റെ അച്ഛൻ കൂടിയാണ്. ഇതു കേട്ടപ്പോൾ ആദിത്യന് സന്തോഷം കൊണ്ട് കണ്ണു നിറഞ്ഞു. നിറഞ്ഞ മനസാൽ അവൻ അച്ഛന്റെ കൈ പിടിച്ച് വീട്ടിലേക്ക് പോയി.



# The ballots

All them voted with  faith
At the polling booth
All them waited for truth
And they trusted in the oath

Their hands were rough ,
Treated with the plough
Those legs were ragged,
Thickened with sludge

Tear gases and barricades
That  won't ever dissuade them
The one who born in the fire
Truely  wont be withered in the Sun

They realized justice the forbidden fruit
That will never ever be twitched
The eyes of Athena may gouged out
That is why her lips got  stitched

The food donors are gathered there
Trying to fulfill the ten year's pledge
They demand  a better price
They dream a better life

Shareefa K
UPST

# പ്രകൃതിയുടെ രോദനം

അരുതേ അരുതേ
ചങ്ങാതികളെ

അരുതേ അരുതേ
മുറിക്കരുത്

കായും തണലും എല്ലാം
ഏകും പുണ്യ മരത്തെ
മുറിക്കരുത്.......

അരുതേ അരുതേ
ചങ്ങാതികളെ
അരുതരുതേ
മുറിക്കരുത്......

പച്ചപ്പാർന്ന കുന്നുകളും
കുന്നിൻ ചരിവുകളും

വെട്ടി നിരത്തരുത്
നിങ്ങൾ

വെട്ടി നിരത്തരുത്
നിങ്ങൾ.......

പാടവും തോടും പുഴയും
ഒന്നും മൂടിയടക്കരുത്
നിങ്ങൾ

മൂടിയടക്കരുതേ........
നിങ്ങൾ

അരുതേ അരുതേ
ചെയ്യരുതേ
പ്രകൃതിയെ നിങ്ങൾ കൊല്ലരുത്.

ക്രിസ്റ്റീന ജിജോ കെ
7A

# My Mother

I love my mother
I love her forever
she is my hope
she is love
she is the Shining
star above
she is my treasure
she is my love
I love my mother.




Fathima Raniya M
6A

# നാളെ ബാ

അഭിഷാന്ത് പി
5എ

ഒരിടത്തൊരിടത്ത് ഒരു കുഗ്രാമമുണ്ടായിരുന്നു. അവിടെയുള്ള ആശുപത്രിയിൽ പുതുതായി ചാർജെടുക്കാൻ തന്റെ ഭാര്യയെയും കൂട്ടി കാറിൽ വരികയാണ് ഡോക്ടർ ആര്യൻ. അവിടേയ്ക്കുള്ള വഴികളൊന്നും നല്ലതായിരുന്നില്ല. എന്നാലും ആരോടൊക്കയോ ചോദിച്ച് അവിടെ എത്തി. അപ്പോഴേക്കും നേരം വളരെ ഇരുട്ടിയിരുന്നു. ഇരുട്ട് പരന്നപ്പോയഴക്കും ആളുകളെല്ലാം അവരവരുടെ വീടുകളിലേക്ക് എത്തിയിരുന്നു. വഴികളിലൊന്നും ആരെയും കാണുന്നില്ല. എന്നാൽ ഒരോ വീടുകളിലും അവരൊരു കാര്യം ശ്രദ്ധിച്ചു. എല്ലാ വീടിന്റെയും പുറത്ത് വലിയ അക്ഷരത്തിൽ 'നാളെ ബാ' എന്നെഴുതി വെച്ചിരിക്കുന്നു. അവർക്ക് അത് വളരെ കൗതുകമായിട്ടാണ് തോന്നിയത്. ഒരു പക്ഷെ ആ ഗ്രാമവാസികൾക്കിടയിൽ അന്ത വിശ്വാസം കൂടുതലായിരിക്കാം. അത് കൊണ്ടായിരിക്കാം ഇങ്ങനെയൊക്കെ എഴുതി വെച്ചിരിക്കുന്നത് എന്ന് കരുതി. ഡോക്ടർക്കും ഭാര്യയ്ക്കും



താമസിക്കാനുള്ള വീട് കണ്ടെത്താൻ വളരെ ബുദ്ധിമുട്ടി. അവിടെ എത്തിയപ്പോൾ ഒരാൾ അവരെ കാത്ത് അവിടെ നിൽപുണ്ടായിരുന്നു. അയാൾ വേഗം താക്കോൽ ഡോക്ടർക്ക് കൈമാറി. മറ്റന്തെങ്കിലും പറയുന്നതിന് മുമ്പ് അയാൾ പറഞ്ഞു . എല്ലാ വീടുകൾക്ക് മുമ്പിലും 'നാളെ ബാ' എന്നെഴുതി വെച്ചിട്ടുണ്ട്. അത് പോലെ നിങ്ങളും ചെയ്യുക. അല്ലെങ്കിൽ നിങ്ങൾക്ക് വളരെ വലിയ ആപത്ത് നേരിടേണ്ടി വരും. അതിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ ആർക്കും കഴിയില്ല എന്ന് പറഞ്ഞ് അയാൾ പോയി. പക്ഷെ ഡോക്ടർക്ക് ഇതിലൊന്നും വിശ്വാസമില്ലായിരുന്നു. അത് കൊണ്ട് അങ്ങിനെ ചെയ്യതുമില്ല. അടുത്ത ദിവസം രാത്രി ഒരു പ്രേതം വന്നിട്ട് ' നാളെ ബാ' എന്നെഴുതി വെക്കാത്ത വീടുകൾ നോക്കി നടന്നു. അപ്പോഴാണ് ഡോക്ടറുടെ വീട് ശ്രദ്ധയിൽ പ്പെട്ടത്. ആ പ്രേതം അവിടെ കയറി. ശബ്ദം കേട്ട് ഡോക്ടറും ഭാര്യയും ഉണർന്നു. കൂർത്ത പല്ലോട് കൂടിയ പ്രേതത്തെ കണ്ട് അവർ പേടിച്ച് പോയി. ആ പ്രേതം ഒരു ദയയും കൂടാതെ അവരെ കൊന്നു.

# മഴ



പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നു പെയ്യാൻ
ഒടുവിലൊരുമാരി പെയ്തു
ഒടുക്കമില്ലാ പേമാരി
പുഴ കവിഞ്ഞു പുര നിറഞ്ഞു
മലയും പുഴയുമൊന്നായി
ഇടയിലുള്ളോരാ ജീവിതം
ശിഥില കിനാക്കളായി മാറി
കടലായ കുടിലിലെ ഹൃദയങ്ങൾ
നാഥനോട് കനിവിന് വേണ്ടി ഇരന്നു

ജഹാന ഷറിൻ പി
9 ബി

# വിശ്വാസം

ചൈത്ര സുധീഷ് എ
8 ബി

ചെറുപ്പം മുതൽ വളരെ അധികം സുഹൃത്തുക്കളായിരുന്നു ,അനന്യയും അതുല്യയും അനഘയും . അവരുടെ ആഗ്രഹം ജർമനിയിൽ പോയി എൻജിനീയറിംഗ് പഠിക്കണം എന്നായിരുന്നു.
ഇവർ ചെറുപ്പം മുതൽ ഒത്തുകൂടി പറയാറുള്ള ഒരു കാര്യമുണ്ടായിരുന്നു നമ്മളിൽ ആർക്കെങ്കിലും എന്തു പറ്റിയാലും ഒപ്പം നമ്മൾ നിൽക്കണം എന്ന്. ഇവരുടെ ക്ലാസിലെ മിടുക്കി കുട്ടികൾ ആയിരുന്നു അനഘയും അതുല്യയും അനന്യയും. മൂന്നുപേരും ക്ലാസിലെ സുന്ദരികളും ആയിരുന്നു. അതിനാൽ എല്ലാവർക്കും അവരോട് വളരെ അസൂയ ആയിരുന്നു. ഇവരുടെ ക്ലാസ്സിൽ ആരതി എന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു. ആരതി ഒരു പാവം ആയിരുന്നു. അതിനാൽ കുട്ടികൾ ക്ലാസിൽ എന്ത് കളിച്ചാലും അലമ്പുണ്ടായാലും,ആരതിയുടെ പേര് പറയുമായിരുന്നു.പേര് പറയുന്നവരിൽ അനഘയും അതുല്യയും അനന്യയും ഉണ്ട്.അങ്ങനെ ഇവരുടെ മൂന്ന് പേരുടെയും സ്കൂൾ പഠനം എല്ലാം അവസാനിച്ചു. ജർമ്മനിയിൽ എൻജിനീയറിങ്ങ് പഠിക്കാൻ പരീക്ഷ എഴുതിക്കൊണ്ടിരിക്കുന്ന സമയത്ത്,അനഘയുടെ അച്ഛനും അമ്മയും വാഹനാപകടത്തിൽ മരിച്ചു. പിന്നെ അനഘ ഒറ്റപ്പെട്ടുപോയി. കാരണം അവളുടെ അച്ഛനും അമ്മയ്ക്കും അനഘ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ അവളുടെ മനസ്സിൽ തന്റെ ഉറ്റ സുഹൃത്തുക്കളായ, അനന്യയും അതുല്യയും ഉണ്ടല്ലോ എന്ന ധൈര്യമുണ്ടായിരുന്നു.
ഇന്നേക്ക് അനഘയുടെ രക്ഷിതാക്കൾ മരിച്ചിട്ട് രണ്ടുമാസം കഴിഞ്ഞു. എന്നിട്ടും, അനന്യയും അതുല്യയും അനഘയുടെ വീട്ടിലേക്ക് വന്നു നോക്കുക പോലും ചെയ്തില്ല.ഇതിൽ അനഘയ്ക്ക് വളരെയധികം വിഷമം തോന്നി. അനഘ ഫോൺ എടുത്ത് രണ്ടുപേർക്കും വിളിച്ചു നോക്കി.രണ്ടുപേരും ഒരേ ഉത്തരമാണ് പറഞ്ഞത്. രക്ഷിതാക്കൾ മരണപ്പെട്ട നിന്റെ കൂടെ നടന്നാൽ നാട്ടുകാർ എന്ത് പറയും.അനഘയ്ക്ക് ആകെ വിഷമമായി. എനിക്കിനി ആരുമില്ല എന്ന് പറഞ്ഞ് അനഘ കരയാൻ തുടങ്ങി.
അപ്പോഴാണ് പുറത്തുനിന്ന് ഒരു ശബ്ദം കേട്ടത് നിനക്ക് ഞാനുണ്ട്.ആ വാക്ക് കേട്ടപ്പോൾ അനഘക്ക് സന്തോഷമായി. അവൾ വീടിനു പുറത്തിറങ്ങി. അനഘ അത്ഭുതപ്പെട്ടുപോയി. പണ്ട് ഒരുപാട് കുറ്റപ്പെടുത്തുകയും കളിയാക്കുകയും ചെയ്തിരുന്ന പാവപ്പെട്ട ആരതിയുടെ ശബ്ദമായിരുന്നു അത്. ഇപ്പോൾ ആരതി മിടുക്കിയും സുന്ദരിയും ആയിരിക്കുന്നു. ഒരുപാട് കാര്യങ്ങൾ പറഞ്ഞ് ആരതി അനഘയെ സമാധാനിപ്പിച്ചു.
അനഘക്ക് ആരതിയിൽ നിന്നും കിട്ടുന്ന സ്നേഹം കണ്ടപ്പോൾ ഒരു കാര്യം മനസ്സിലായി. ആപത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്.അങ്ങോട്ടുമിങ്ങോട്ടും സ്നേഹിക്കുന്നുണ്ടെങ്കിൽ അതാണ് യഥാർത്ഥ സ്നേഹം.ഇപ്പോൾ ആരതിയും അനഘയും ജീവനുതുല്യം സ്നേഹിക്കുന്ന കൂടെപ്പിറപ്പുകൾ ആയി ഓരോ ദിവസവും കഴിഞ്ഞുപോകുന്നു.

# സ്വപ്നം



ചന്ദനക്കുറി മായാത്ത, ഹിജാബുകൾ അഴിയാത്ത,
കൃപാണങ്ങൾ ഉലയാത്ത, തിരുമുറിവുകൾ ഉതിരാത്ത,
പഗോഡകൾ പുകയാത്ത, പ്രതിലിപികൾ അണയാത്ത...
കാശ്മീരകവും തുംഗഹിമാദ്രിയും തൊട്ട്,
വംഗദേശവും വിന്ധ്യനും തൊട്ട്,
തിരയിളകുന്ന കന്യാകുമാരി യോളം..
കന്യകൾ കരയാത്ത, കുടലുകൾ കരിയാത്ത,
സത്യം മരിക്കാത്ത, കരളുകൾ അകലാത്ത
നിലാവിന്റെ ഭൂമിയാണെന്റെ സ്വപ്നം.

ബഷീർ താനാരി
എച്ച്.എസ്.ടി മലയാളം

# അവസാന സ്റ്റേഷൻ

ഷഫീല നസ്റിൻ കെ ടി

**വാ**തിൽ അടച്ചു താക്കോലുകൾ തമ്മിലടിക്കുന്ന ശബ്ദം അനിഷ്ടം പ്രകടിപ്പിക്കും വിധം അയാൾ കണ്ണുകൾ ഇരുക്കി അടച്ചു . ജനാലയിലൂടെ അയാൾ എല്ലാം ശ്രവിച്ചു കാറിന്റെ ഡോറടയുന്നതും അയാളുടെ കർണ്ണപടത്തിലെത്തി 'അവരും പോയി'.

മുത്തശ്ശാ എന്തിനാ കരയുന്നെ ' അരികിലിരിക്കുന്ന പത്തു വയസ്സുകാരൻ തന്റെ കളിപ്പാട്ടത്തിൽ നിന്ന് നോട്ടം മാറ്റാതെ ചോദിച്ചു " താൻ കരഞ്ഞുവോ?! ഒന്നു തൊട്ടുനോക്കി, അതെ കരയുന്നു! എന്തിന് " 'എന്താ മുത്തശ്ശാ' അവൻ ആവർത്തിച്ചു. 'അവര് പോയോ' 'ആര്?' "അപ്പുറത്തെ........" ഓ വാടകക്കാരോ? പോകുന്നതെന്തിനാണോ കരയുന്നെ? "നിനക്ക് സങ്കടമൊന്നു ല്ലേ ?" 'എന്തിന് '!

അല്ലേലും ഇവരെന്തിന് സങ്കടപ്പെടണം സ്വന്തമായി വീടുണ്ട് കാറുണ്ട് ഇല്ലാത്തവനെല്ലോ അതറിയൂ . അല്ല എല്ലാമുള്ളവനെ അത് ഉപയോഗിക്കാനാ വതാവണം !




അതുകൊണ്ടല്ലേ ഞാനും മവരെ പോലെ മൂന്നു ദിവസത്തെ വാടകക്കാരനായത് . ചാരു കസേരയിൽ ചാഞ്ഞു കൊണ്ടായാൾ കണ്ണ്'ടച്ചു.

' നീ എന്താ കളിക്കുന്നേ ' ' ട്രെയിനാ കണ്ടില്ലേ?' അവൻ താൻ കളിക്കുന്നത് ചൂണ്ടി കാണിച്ചു കൊണ്ട് പറഞ്ഞു . അയാളത് അൽപനിമിഷം നോക്കി കണ്ടു.

'മോന് ' മുത്തശ്ശൻ ഒരു കഥ പറഞ്ഞു തരട്ടെ 'മ്മ്'. പെട്ടെന്ന് പറ. ഉള്ളിലെ ആവേശം അവൻ :പുറത്തിട്ടു. 'ഇതാ ഇതിനെ കുറിച്ചാ ട്ടൊ' ' ട്രെയിനെ കുറിച്ചൊ ' ? ! പുരികങ്ങൾ ചുളിച്ചു കൊണ്ട് അവൻ ചോദിച്ചു. അതെ നീ ഈ ട്രെയ്ൻ കയറുന്നു 'ആഹാ കൊള്ളാലോ'.

ഒരു സ്റ്റേഷനിൽ നിന്ന് അഞ്ച് ബോഗിയുള്ള ഈ ട്രെയിനിലെ ആദ്യത്തേതിൽ നീ കയറുന്നു നിനക്ക് അവിടെ ആർത്തുല്ലസിക്കാനുള്ള സ്ഥലവും , ഇഷ്ടം പോലെ കാഴ്ചകളും സ്നേഹ നിധികളായ യാത്രക്കാരും ..... ,

'ബോഗിയിയുടെ അവസാനം നിനക്ക് കിട്ടിയ ഒരു സമ്മാനവുമായി അടുത്ത ബോഗിയിലേക്ക് നീങ്ങുന്നു . അവിടെ സമ്മാനത്തിന്റെ മധുര മൽപ്പം കുറഞ്ഞു . പക്ഷേ ആസ്വാദനത്തിനും ഹൃദ്യമായ കാഴ്ചകൾക്കും ഒരു പോറലും ഏറ്റില്ല. സഹയാത്രികരുമായി അൽപം കൂടുതൽ അടുപ്പം തോന്നി. അതിനവസാനവും നിനക്കൊരു സമ്മാനം കിട്ടി, അൽപം പുളിരസം കൂടിയത് ' .

നീ അടുത്ത ബോഗിയിലെത്തുന്നു. ഒരുപാട് പേര് അവിടെ ഉണ്ടെങ്കിലും അവരെല്ലാം ഹൃദയം കൊണ്ട്, സഞ്ചരിക്കുന്ന വാഹനത്തിനേക്കാൾ അകലെയായിരുന്നു. കാഴ്ചകൾക്കും നിറം മങ്ങി. സ്റ്റേഷനുകളുടെ എണ്ണം കൂടുന്നു, ട്രെയിനിന്റെ വേഗവും അവിടെ നിന്ന് നിനക്ക് അല്പം ഉപ്പ് രസമുള്ള പലഹാരം കിട്ടി, അടുത്തതിലേക്ക് ടിക്കറ്റന്നപോലെ എല്ലാവരും സ്വന്തം കാര്യങ്ങളിൽ മുഴുകി അന്ധരായി, നീയുവരിലൊരാളായി . സ്റ്റേഷനുകൾ കുറഞ്ഞു. എങ്കിലും ട്രെയിനിന് വേഗം കൂടുതലായി . പല കാര്യങ്ങളും നിനക്ക് ഇവിടെ ഉപേക്ഷിക്കേണ്ടിവരുന്നു. അവസാന ബോഗിക്ക് മുമ്പ് പലഹാരം കൈപ്പ് ചുവയായി.

അത് അനുഭവിച്ചിട്ടെന്ന പോലെ അതിനുള്ളിലുള്ളവരെല്ലാം നിന്നെ നോക്കുന്നു. ഹൃദയത്തിന്റെ ഭാരം കൂടുന്നതിനനുസരിച്ച് ശരീര ഭാരം കുറയുന്നു. എന്നോ ഉണങ്ങിയ ഹൃദയത്തു നിന്ന് നാമ്പുകൾ വിടർന്നു ' .

പിന്നെ ബോഗി ഇല്ലേ , അതോ ഇനിയുള്ളത് ലാസ്റ്റ് സ്റ്റേഷനാണോ ?' അവൻ ഉത്കണ്ഠയോടെ ചോദിച്ചു ' അച്ഛാ കഴിഞ്ഞില്ലേ , ടാക്സി വന്നിട്ടുണ്ട് , യുവത്വം തോന്നിക്കുന്ന അയാൾ വന്നു പറഞ്ഞു. ' മുത്തച്ഛനെങ്ങോട്ടാ? ' ഞാൻ നിന്റെ ചെറിയച്ഛ നടുത്തേക്ക് , നീ ചോദിച്ചില്ലേ. 'അത് അവസാന സ്റ്റേഷനാണോ എന്ന് "അതെ അവിടെ ഇറങ്ങി ഇതുപോലെ വാടകക്കൊടുക്കാതെ ഒരു വാടകക്കാരനാവുക! '

അയാൾ ഇറങ്ങി താക്കോൽ ഏൽപ്പിക്കാതെ.

# ഇവിടെ ഞാനുമുണ്ട്

## ആയിശ സബീല എൻ

എച്ച്.എസ്.ടി

**ക**വിളിൽ തണുപ്പ് പടരുന്നത് അറിഞ്ഞിട്ടാണ് ഞാൻ ഞെട്ടി ഉണർന്നത്. പടത്തിനു നിറം കൊടുക്കുന്നതിനിടയിൽ ഉറങ്ങിപ്പോയതാണ്. ചായം നിറച്ച കുപ്പി മറിഞ്ഞ് ഒളിച്ചിറങ്ങി പേപ്പറിൽ മുഖം വച്ച് ഉറങ്ങിയ എന്റെ മുഖത്തെത്തി. അയ്യോ..... ആകെ പണി ആയല്ലോ.... എന്താണ് എനിക്ക് പറ്റിയത്? ഓരോ ദിവസവും എനിക്ക് എന്താണ് സംഭവിക്കുന്നത് ? മുഖത്തെ ചായം കഴുകി തുടക്കാനായി ഞാനെന്റെ വീൽചെയർ പതുക്കെ പുറകോട്ട് നീക്കി. അനങ്ങുന്നില്ലല്ലോ... ചക്രത്തിൽ എന്തോ കുടുങ്ങിയിരിക്കുന്നു..... ഇനി എന്തു ചെയ്യും? ആരെയാ വിളിക്കുക? ആരെയെങ്കിലും സഹായത്തിനു വിളിക്കാൻ ഇപ്പോൾ മടിയാണ്. മുമ്പ് അച്ഛൻ ഉണ്ടായിരുന്നപ്പോൾഎന്തു രസായിരുന്നു. എല്ലാത്തിനും ഒരു നിഴൽ പോലെ കൂടെ ഉണ്ടായിരുന്നു എന്റെ അച്ഛൻ. ജീവിതം മുഴുവൻ തന്റെ മകനുവേണ്ടി ഉ ഴിഞ്ഞു വെച്ച ഒര ച്ഛൻ. എന്റെ മുഖം പോലും കാണാൻ നിൽക്കാതെ ദൈവത്തിന്റെ അടുത്തേക്ക് മടങ്ങിയ ഒരമ്മയുടെ ഒരു കുറവും വരുത്താതെ എന്നെ വളർത്തിയ എന്റച്ഛൻ.



കുട്ടിക്ക് ചില വൈകല്യ പ്രശ്നങ്ങൾ ഉണ്ടെന്ന് ഡോക്ടർമാർ പറഞ്ഞപ്പോൾ സധൈര്യം എന്തും നേരിടാൻ തയ്യാറായിരുന്നു അച്ഛൻ. കുടുംബക്കാർ പലരും ഒരു ദുശകുനമായി എന്നെ കണ്ടപ്പോൾ സ്നേഹപൂർവ്വം അവരെ തിരുത്താൻ എന്നും എന്റെ അച്ഛൻ വെമ്പൽ കൊണ്ടിരുന്നു.

എല്ലാവരുടെയും നിർബന്ധത്തിനു വഴങ്ങി ഒരു രണ്ടാം

വിവാഹത്തിന് തയ്യാറായപ്പോഴും എന്റെ കാര്യങ്ങൾക്ക് ഒരു കുറവും വരരുതെന്നാണ് അച്ഛൻ ആഗ്രഹിച്ചത്. ഒരു മടിയും കൂടാതെ ആളുകൾ കൂടുന്ന ഏതു പരിപാടിയിലും അച്ഛൻ എന്നെ കൊണ്ടുപോകുമായിരുന്നു. "വയ്യാത്ത കുട്ടി "എന്ന രീതിയിൽ ആരും എന്നോട് സഹതപി ക്കുന്നത് അച്ഛന് ഇഷ്ടമായിരുന്നില്ല. എനിക്ക് തരാൻ കഴിയാവുന്ന എല്ലാ ചികിത്സകളും അച്ഛൻ ലഭ്യമാക്കിയിരുന്നു."ഒരിക്കലും ഇവൻ നടക്കില്ല...... പിന്നെ എന്തിനാണ് ഇനിയും കാശ് കളയുന്നത്? എന്ന് കുഞ്ഞമ്മ(രണ്ടാനമ്മ) പലപ്പോഴും ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. എനിക്കുവേണ്ടി അങ്ങേയറ്റം പ്രതീക്ഷയോടെയും വാശിയോടെയും സംസാരിക്കുമായിരുന്നു എന്റെ അച്ഛൻ. ദൈവം സഹായിച്ച് കുടുംബവകയായി കിട്ടിയ ഭൂമിയിൽ നിന്നും നല്ല രീതിയിൽ ജീവിക്കാനുള്ള വരുമാനം അച്ഛന് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ എന്റെ കാര്യങ്ങൾക്ക് മുടക്കം വരുത്തി കൊണ്ടുള്ള ഒരു ജോലിക്കും അച്ഛൻ ശ്രമിച്ചിരുന്നില്ല.

സ്കൂളിൽ ചേർക്കാൻ ആയപ്പോൾ എല്ലാ കുട്ടികളെയും പോലെ എന്നെ യും സ്കൂളിൽ വിടണം എന്ന് അച്ഛൻ അതിയായി ആഗ്രഹിച്ചു. അപ്പുറത്തെ നാണുവേടത്തി ചോദിച്ചു " ഈ കാലു വയ്യാത്ത കുട്ടീനെ നാല് അക്ഷരം പഠിപ്പിച്ചിട്ട് നിനക്കെന്ത് കിട്ടാനാ രവീ ...." എന്റെ മോൻ ഉയരങ്ങളിൽ എത്തും "എന്ന് അച്ഛൻ വീറോടെ പറയുമായിരുന്നു.

എന്നെയും തോളിൽ ഇരുത്തി സ്കൂൾ മുറ്റത്തെ പടവുകൾ കയറുമ്പോൾ നെറ്റിയിലെ വിയർപ്പ് കണങ്ങൾ തോർത്തിക്കൊടുത്ത് ഞാൻ അച്ഛനോട് ചോദിക്കും" ഞാൻ ഇങ്ങനെ ആയതിൽ അച്ഛന് എന്നോട് ദേഷ്യം ഉണ്ടോ" അത് കേൾക്കുമ്പോൾ എന്നെ കെട്ടിപ്പിടിച്ച് മുത്തം തന്നിട്ട് അച്ഛൻ പറയും "അച്ഛന്റെ കുട്ടി മിടുക്കൻ ആവും "ന്ന്. അത് കേൾക്കുമ്പോൾ എന്നിൽ നിറഞ്ഞിരുന്ന ആത്മവിശ്വാസത്തിന് അതിർവരമ്പുകൾ ഉണ്ടായിരുന്നില്ല.

എന്റെ കാര്യങ്ങൾക്കായി നടന്ന് തന്റെ പല കാര്യങ്ങൾക്കും അച്ഛനെ കിട്ടാത്തതിന്റെ നീരസവും മുറുമുറുപ്പും കുഞ്ഞമ്മക്ക് ഉണ്ടായിരുന്നു. കുഞ്ഞമ്മക്ക് കുട്ടികൾ ഉണ്ടായപ്പോൾ എന്നോട് അവർ കൂടുതൽ അകന്നു. അവരെ ഞാൻ കളിപ്പിക്കുന്നത് പോലും അവർക്ക് ഇഷ്ടമായിരുന്നില്ല.

സ്കൂളിൽ ഞാൻ എല്ലാ മത്സരത്തിലും പങ്കെടുക്കണമെന്ന് അച്ഛന് നിർബന്ധമായിരുന്നു. പലതിലും സമ്മാനങ്ങൾ നേടിയപ്പോൾ ആ മനസ്സ് വളരെയധികം സന്തോഷിച്ചു. അപ്പോഴൊക്കെയും അച്ഛന്റെ വകയായും സമ്മാനങ്ങൾ കിട്ടുമായിരുന്നു. അങ്ങനെ ഒരിക്കൽ കിട്ടിയതാണ് ഈ പെയിന്റിങ് ബ്രഷും ചായങ്ങളും.

എന്റെ ജീവിതത്തിന് നിറം പിടിപ്പിക്കാൻ ഓടി നടന്നിരുന്ന

അച്ഛന് എന്നോട് യാത്ര പറയാൻ സമയമായി കൊണ്ടിരിക്കുകയാണെന്ന് ഞാൻ അറിഞ്ഞതേയില്ല. കരളിനെ അർബുദം കാർന്നു തിന്നു തുടങ്ങിയിരുന്നു എന്ന് മനസ്സിലാക്കാൻ അല്പം വൈകിപ്പോയി. അച്ഛന്റെ ആവലാതി മുഴുവൻ എന്നെക്കുറിച്ച് ആയിരുന്നു." ഞാൻ പോയാ ന്റെ കുട്ട്യേ നീ ഒറ്റക്കാവൂലോ... " എന്ന് പറഞ്ഞ് അച്ഛൻ സങ്കടപ്പെടുമായിരുന്നു.

"അച്ഛന് ഒന്നും സംഭവിക്കില്ല... ഞാൻ പഠിച്ചു വലിയൊരു ആളാകുന്നത് കാണാൻ അച്ഛൻ വേണം " എന്ന് ഞാൻ പറയുമ്പോഴും ഇത്രയും പെട്ടെന്ന് എന്നെ തനിച്ചാക്കി അച്ഛൻ പോകുമെന്ന് ഞാൻ അറിഞ്ഞില്ല.

വീണ്ടും അനാഥത്വത്തിന്റെ പടുകുഴിയിലേക്ക് തള്ളപ്പെട്ടു ഞാൻ. അമ്മയും അച്ഛനും നഷ്ടപ്പെട്ട ഒരു അംഗപരിമിതന്റെ വേദന ഞാൻ അറിയാൻ തുടങ്ങി. സഹതാപവാക്കുകൾക്ക് ഒരു പഞ്ഞവും ഉണ്ടായിരുന്നില്ല.വീട്ടിൽ ആളുകളുടെ ബഹളത്തിനിടയിലും അച്ഛന്റെ കുറവ് നികത്താൻ ആവാത്തതായി തോന്നി.


" ഇനി സ്കൂളിൽ ഒന്നും പോകണ്ട.... എന്നും നിന്നെ കൊണ്ടുപോകാൻ എനിക്ക് പറ്റില്ല.... പഠിച്ച് വല്ല്യ കലക്ടർ ഒന്നും ആകാൻ പോണില്ലാലോ..... കുഞ്ഞമ്മ തന്റെ നിലപാട് വ്യക്തമാക്കിയപ്പോൾ കണ്ണിൽ ഇരുട്ട് കയറുന്നത് പോലെ തോന്നി. കൂട്ടിലാക്കപ്പെട്ട പരിക്കു പറ്റിയ ഒരു കിളിയെ പോലെയാണ് താനെന്ന് എനിക്ക് തോന്നി.

അസഹനീയമായ ഒരു ശൂന്യത എന്നെ ഗ്രസിക്കാൻ തുടങ്ങി. ഇപ്പോൾ ഓരോ ദിവസങ്ങൾക്കും ദൈർഘ്യം കൂടിക്കൂടി വരികയാണ്. പുറംലോകം ഒരു സ്വപ്നമായി മാറുകയാണ്. തളരരുതെന്ന് അച്ഛൻ ഇടയ്ക്കിടെ മന്ത്രിക്കുന്നതായി തോന്നാറുണ്ട്. "ശൂന്യമായ മനസ്സ് ചെകുത്താന്റെ പണിപ്പുര "ആണെന്നുള്ള ബോധ്യം മനസ്സിൽ ആരോ പറയുന്നതുപോലെ. ആ ശൂന്യത ക്കെതിരെ പോരാടി ജീവിതം ജയിച്ചു കാണിക്കണം. അച്ഛന്റെ ആഗ്രഹങ്ങൾക്ക് പൊലിവേകണം. ഒരു ഫീനിക്സ് പക്ഷിയെ പോലെ ചാരത്തിൽ നിന്നും ഉയർത്തെഴുന്നേൽക്കണം. വില്യം വേർഡ്സ് വർത്ത് കുറിച്ചതുപോലെ

"Woods are lovely dark and deep
But i have promises to keep
Miles to go before I sleep
And miles to go before I sleep".

# ചിത്രശാല









**ഷംലത്ത്**
**എച്ച്.എസ്.ടി**








ഫാത്തിമ ലിന

9 ഡി

# മികവുകൾ


നാടിന്റെ വിദ്യാലയത്തിന് അഭിമാന നിമിഷം
SSLC 2022-23 പരീക്ഷയിൽ പുതുചരിത്രം രചിച്ച്
ജി.എച്ച്.എസ്.എസ് കുഴിമണ്ണയിലെ വിദ്യാർത്ഥികൾ
303/303
100 % വിജയം
FULL A+
9 A+
26 വിദ്യാർത്ഥികൾക്ക് FULL A+
19 വിദ്യാർത്ഥികൾക്ക് 9 A+
വിജയികൾക്ക് അഭിനന്ദനങ്ങൾ


2022-23 NMMS പരീക്ഷയിൽ
വിജയത്തിളക്കവുമായി
GHSS KUZHIMANNA
QUALIFIED 45/61
SAHLA FATHIMA. K
ANANDHU. C
ANUSREE. N
ASWINI. C
AMALJITH
വിജയികൾക്ക് അഭിനന്ദനങ്ങൾ
Staff & PTA GHSS Kuzhimanna


മുഹമ്മദലി ശിഹാബ് IAS
ജി.എച്ച്.എസ്.കുഴിമണ്ണയിലെ
സിവിൽ സർവീസ് ഫൗണ്ടേഷൻ ബാച്ച്
വിദ്യാർത്ഥികളുമായി സംവദിക്കുന്നു





ഫുട്ബോൾ കോച്ചിംഗ് ഉദ്ഘാടനം,അനസ് എടത്തൊടിക



ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്



പച്ചക്കറിത്തോട്ടം






യോഗാ ദിനാചരണം



ജില്ലാ ഫുട്ബോൾ ജേതാക്കൾ

# നന്ദി

ഈ കൊച്ചു മാഗസിൻ തയ്യാറാക്കാൻ
സഹായിച്ച എല്ലാ കൂട്ടുകാർക്കും
പിന്തുണ നൽകിയ അധ്യാപകർക്കും
നന്ദി.തെറ്റുകൾ സദയം
ക്ഷമിക്കുമല്ലോ................

ഷഫീല നസ്റിൻ
ചീഫ് എഡിറ്റർ